# കേരളാസ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യുക്കേഷണൽ ഫിലിം ഫെസ്റ്റിവൽ - 2017

**Rules & Regulations**

1. വിദ്യാർത്ഥികൾ നിർമ്മിച്ച ചിത്രങ്ങൾ, വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ച ചിത്രങ്ങൾ എന്നീ രണ്ട് വിഭാഗങ്ങളിലായി ആയിരിക്കും മത്സരം നടക്കുക.

2. വിദ്യാർത്ഥികൾ നിർമ്മിച്ച ചിത്രങ്ങളെ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി, ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) എന്നീ നാല് വിഭാഗങ്ങളായും, വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ച ചിത്രങ്ങളെ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി, ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) എന്നീ നാല് വിഭാഗങ്ങളായും തിരിച്ചായിരിക്കും മത്സരം നടക്കുക.

3. വിദ്യാർത്ഥികൾ നിർമ്മിച്ച ചിത്രങ്ങളുടെ സ്ക്രിപ്റ്റ്, ഡയറക്ഷൻ, സെറ്റ് ഡിസൈനിംഗ്, നറേഷൻ എന്നിവ നിർബന്ധമായും വിദ്യാർത്ഥികൾ തന്നെ നടത്തിയവയായിരിക്കണം. ക്യാമറ വർക്ക്, എഡിറ്റിംഗ്, ഗ്രാഫിക്സ് - ആനിമേഷൻ എന്നിവയ്ക്ക് അതാതുമേഖലകളിലെ സാങ്കേതിക വിദഗ്ധരുടെ സഹായം സ്വീകരിക്കാവുന്നതാണ്.

4. സാമൂഹികം, വിദ്യാഭ്യാസപരം, പരിസ്ഥിതി, ഫിക്ഷൻ എന്നീ നാലു വിഭാഗങ്ങളിലുംപെട്ട ഫിലിമുകൾ മത്സരത്തിനായി അയക്കാവുന്നതാണ്.

5. വിദ്യാർത്ഥികൾ നിർമ്മിച്ച വിഭാഗത്തിലേക്ക് മത്സരത്തിനായി വീഡിയോ ചിത്രങ്ങൾ അയക്കുമ്പോൾ അവ വിദ്യാർത്ഥികൾ തന്നെ നിർമ്മിച്ചതാണെന്ന് ഹെഡ്മാസ്റ്ററിന്റെയോ പ്രിൻസിപ്പലിന്റെയോ മറ്റ് മേലധികാരികളുടെയോ സാക്ഷ്യപത്രം ഫിലിമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും മത്സരത്തിനായി ഫിലിമുകൾ അയക്കാവുന്നതാണ്.

7. വിദ്യാഭ്യാസ ചിത്രങ്ങളുടെ ദൈർഘ്യം പരമാവധി 30 മിനിട്ടുവരെ ആയിരിക്കണം. 30 മിനിട്ടിൽ കൂടുതലുള്ള ചിത്രങ്ങൾ ഒരു കാരണവശാലും മത്സരത്തിൽ ഉൾപ്പെടുത്തുന്നതല്ല.

8. മത്സരത്തിനായി അയക്കുന്ന ഫിലിമുകൾ 2016 ജനുവരി 1 നും 2017 സെപ്തംബർ 30 നും ഇടയിൽ നിർമ്മിച്ചവയായിരിക്കണം.

9. മുൻവർഷങ്ങളിൽ മത്സരത്തിനായി അയച്ച ചിത്രങ്ങൾ യാതൊരു കാരണവശാലും വീണ്ടും മത്സരത്തിനായി അയക്കാൻ പാടില്ല.

10. ഗവൺമെന്റ് - എയ്ഡഡ് - അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾക്ക് മത്സരത്തിന് ഫിലിമുകൾ അയക്കാവുന്നതാണ്.

11. ഇംഗ്ലീഷിലും മലയാളത്തിലും ഹിന്ദിയിലും തമിഴിലും നിർമ്മിച്ച പ്രോഗ്രാമുകൾ മത്സരത്തിനായി സ്വീകരിക്കുന്നതാണ്.

12. രണ്ട് ഡി.വി.ഡി കോപ്പിയോടൊപ്പം മിനി ഡി.വി. ഫോർമാറ്റിലാണ് മത്സരത്തിനായി ചിത്രങ്ങൾ അയക്കേണ്ടത്. ഇതിനോടൊപ്പം ചലച്ചിത്രത്തിന്റെ 5 സ്റ്റിൽ ഫോട്ടോയും, ചലച്ചിത്രത്തിന്റെ സിനോപ്സിസ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വേഡ് സോഫ്റ്റ് വെയറിൽ സി.ഡിയിലാക്കി നിർബന്ധമായും അയക്കേണ്ടതാണ്.

14. കുട്ടികൾ നിർമ്മിച്ച നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും മികച്ച ചിത്രത്തിന് ഒരു ലക്ഷം രൂപയും ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയും അവാർഡായി നൽകുന്നതാണ്.

(Cont.......)

15. കുട്ടികൾക്കുവേണ്ടി നിർമ്മിച്ച നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും മികച്ച ചിത്രത്തിന് അൻപതിനായിരം രൂപയും എഡ്യൂക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫിയും അവാർഡായി നൽകുന്നതാണ്.

16. കേരളാ സ്റ്റേറ്റ് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവല്ലിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ചിത്രങ്ങളെ എൻ.സി.ഇ.ആർ.ടി നടത്തുന്ന ദേശീയ ചലച്ചിത്രമേളയിലേക്ക് തെരഞ്ഞെടുക്കുന്നതായിരിക്കും.

17. മത്സരത്തിലേക്ക് ഫിലിമുകൾ അയക്കേണ്ട അവസാന തീയതി 2017 നവംബർ 30.

18. പൂർണ്ണമായും പൂരിപ്പിക്കാത്തതും തെറ്റായി രേഖപ്പെടുത്തുന്നതുമായ അപേക്ഷാഫോറം സ്വീകരിക്കുന്നതല്ല.

29. മത്സരത്തിനായി അയക്കുന്ന ചലച്ചിത്രങ്ങളിൽ പരസ്യങ്ങൾ ഉൾപ്പെടുത്തുന്നത് ശിക്ഷാർഹമാണ്.

20. അവസാനതീയതിക്ക് മുമ്പായി ഫിലിമുകൾ എസ്.ഐ.ഇ.ടി ഓഫീസിലേക്ക് അയക്കേണ്ടതാണ്. അവസാന തീയതി കഴിഞ്ഞു വരുന്ന ഫിലിമുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

21. അപേക്ഷാ ഫോറം www.sietkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോട് ചെയ്യാവുന്നതാണ്.

22. ഫിലിമുകൾ അയക്കുന്നതിലേക്കായി എസ്.ഐ.ഇ.ടിയുടെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

23. ഫിലിം, മീഡിയ, എഡ്യൂക്കേഷണൽ ടെക്നോളജി എന്നീ മേഖലകളിലെ പ്രഗത്ഭർ അടങ്ങിയതായിരിക്കും ഫെസ്റ്റിവൽ ജൂറി.

24. ഫിലിമുകൾ അയക്കേണ്ട വിലാസം: ദി ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി, ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് ഓഫ് കേരള, ജഗതി, അനന്തപുരി ഓഡിറ്റോറിയത്തിന് എതിർവശം, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695014, ഫോൺ: 0471- 2338541, 2338540,

**ഡയറക്ടർ**
എസ്.ഐ.ഇ.ടി

തിരുവനന്തപുരം
08.11.17